ഭരണഭാഷ-മാതൃഭാഷ

കാസർഗോഡ് ജില്ലാ പഞ്ചായത്ത്
പിൻ കോഡ്- 671123
GSTIN:32AAALK2931L1Z7 ഫോൺ നമ്പർ : 0499-4256722
kdpksd@gmail.com

നമ്പർ: 7583642-2026 **തീയതി : 26-11-2026**

റീടെണ്ടർ പരസ്യം

കാസറഗോഡ് ജില്ലാപഞ്ചായത്ത് വാർഷിക പദ്ധതി 2026-27 പ്രൊജക്ട് നമ്പർ. 642/27 ജില്ലാപഞ്ചായത്തിന്റെ സേവനവികസന പദ്ധതികൾ സാമൂഹ്യമാധ്യമ അക്കൌണ്ടുകളിലൂടെ കൈകാര്യം ചെയ്യുന്നതിന് സ്ഥാപനങ്ങളെ/ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള പദ്ധതി പ്രകാരം കാസറഗോഡ് ജില്ലാപഞ്ചായത്തിന്റെ വിവിധ സേവന വികസനപദ്ധതികൾ, പൊതുജനക്ഷേമ പ്രവർത്തനങ്ങൾ, വികസനനേട്ടങ്ങൾ, അറിയിപ്പുകൾ,ജനോപകാരപ്രദമായ സേവനങ്ങൾ എന്നിവ പൊതുജനങ്ങളിലേക്ക് സമയബന്ധിതമായും ഫലപ്രദമായും എത്തിക്കുന്നതിനായി സാമൂഹ്യമാധ്യമ അക്കൌണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും ഡിജിറ്റൽ പ്രചരണ സാമഗ്രികൾ തയ്യാറാക്കുന്നതിനും ടി വിഷയത്തിൽ പ്രാവീണ്യമുള്ള താല്പര്യമുള്ള സ്ഥാപനങ്ങൾ/ ഏജൻസികളിൽ നിന്ന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടറിനോടൊപ്പം സ്ഥാപനങ്ങൾ /ഏജൻസികൾ മുൻകാലങ്ങളിൽ മേൽ വിഷയത്തിലുള്ള പരിജ്ഞാനം സംബന്ധിച്ച വിശദവിവരം, പ്രവൃത്തി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന തുക എന്നിവയുൾപ്പെടെയുള്ള വിവരങ്ങളും സമർപ്പിക്കണം. ടെണ്ടറുകൾ 07.12.2026 വൈകുന്നേരം 3 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കണം. ടെണ്ടറിന്റെ കൂടെ ക്വാട്ട്ചെയ്ത തുകയുടെ 1 % EMD സെക്രട്ടറിയുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, 200/-രൂപയുടെ സ്റ്റാമ്പ്പേപ്പറിലുള്ള പ്രാഥമിക എഗ്രിമെന്റ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ടെണ്ടറുകൾ അംഗീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം ജില്ലാപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാപഞ്ചായത്തുമായി ബന്ധപ്പെടാവുന്നതാണ്. വെബ്സൈറ്റ് tenders.lsgkerala.gov.in

പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ

2026 ഡിസംബർ മുതൽ **2027** മാർച്ച് വരെയുള്ള സേവനവികസന പദ്ധതികൾ അടക്കമുള്ള എല്ലാ പ്രവൃത്തികളുടെയും സമഗ്രവിവരങ്ങൾ സാമൂഹ്യമാധ്യമ അക്കൌണ്ടുകളിലൂടെ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം

1.ജില്ലാപഞ്ചായത്തിന്റെ വിവിധ സേവന വികസന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ആകർഷകവും ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമായ രീതിയിൽ അവതരിപ്പിക്കുക.

2. പദ്ധതികളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, ബാനറുകൾ, ഇൻഫോഗ്രാഫിക്സ്, ഡിജിറ്റൽ ഡിസൈനുകൾ, ലഘു വീഡിയോകൾ, റീൽസ് എന്നിവ തയ്യാറാക്കുക..

3.ജില്ലാ പഞ്ചായത്തിലെ പ്രധാന പരിപാടികൾ, ഉദ്ഘാടനങ്ങൾ എന്നിവ ഡോക്യൂമെന്റ് ചെയ്യുകയും, ഫോട്ടോ,വീഡിയോ എന്നിവ ജില്ലാപഞ്ചായത്തിന്റെ ഔദ്യോഗിക വാട്സാപ്പ്,

ഫെയ്സ്ബുക്ക്, ഇന്സ്റ്റഗ്രാം, യൂട്യൂബ്, എക്സ് എന്നീ അക്കൌണ്ടുകളിലൂടെ ജനങ്ങളിലെത്തിക്കുക.

4.ജില്ലാ പഞ്ചായത്തിലെ പ്രധാന പരിപാടികൾ, ഉദ്ഘാടനങ്ങൾ എന്നിവയുടെ ഫോട്ടോ, വീഡിയോ എന്നിവ അടങ്ങുന്ന റിപ്പോർട്ടുകൾ പത്ര,ദൃശ്യ,ശ്രവ്യ മാധ്യമങ്ങൾക്ക് ന്യൂസ് റിപ്പോർട്ട് നല്കുക.

5.ജില്ലാ പഞ്ചായത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള പരിപാടികളുടെ പോസ്റ്ററുകളും ബാനറുകളും തയ്യാറാക്കി നല്കുകയും അവയ്ക്ക് നവമാധ്യമങ്ങളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പ്രചാരണം നൽകുക.

6.ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശാനുസരണമുള്ള വിഷയങ്ങളുടെ വീഡിയോസ്, ഡോക്യൂമെന്റ്സ് എന്നിവ നിർദ്ദേശിച്ച സമയത്ത് തയ്യാറാക്കി നൽകുക. ആയതിന് ഡിജിറ്റൽ ക്യാമ്പയിൻ സംഘടിപ്പിക്കുക

7.ആവശ്യാനുസരണം മലയാളത്തിലും കന്നഡയിലും ഇംഗ്ലീഷിലും ഉള്ളടക്കം തയ്യാറാക്കുകയും ഭാഷാപരമായ കൃത്യത ഉറപ്പാക്കുകയും ചെയ്യുക

8.ജില്ലാപഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിൽ നടക്കുന്ന ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ള എല്ലാ പരിപാടികളുടെയും ന്യൂസ് നവമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും റിപ്പോർട്ട് ചെയ്യുക

9.കാസർകോട് ജില്ലാപഞ്ചായത്ത് നിർദ്ദേശിക്കുന്ന പദ്ധതികളെ ആസ്പദമാക്കി ചെറുറീലുകളും പോസ്റ്ററുകളും തയ്യാറാക്കേണ്ടത്.

10. ജില്ലാപഞ്ചായത്ത് പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള വിഷയ വിവരങ്ങൾ നൽകുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട സൈറ്റുകളിൽ നിന്നും വിവരങ്ങൾ നേരിട്ടു സ്വന്തം ഉത്തരവാദിത്വത്തിൽ ശേഖരിക്കേണ്ടതാണ്

11.സമർപ്പിച്ച വീഡിയോകളുടെ ഉടമസ്ഥാവകാശം പൂർണ്ണമായും ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും. ജില്ലാപഞ്ചായത്തിന്റെ അനുമതിയില്ലാതെ വീഡിയോകൾ കൈമാറ്റം ചെയ്യാനോ പ്രചരിപ്പിക്കാനോ പാടുള്ളതല്ല.

12.ജില്ലാപഞ്ചായത്തിന്റെ അംഗീകാരമില്ലാതെ ഔദ്യോഗിക വിവരങ്ങളോ ഉള്ളടക്കങ്ങളോ പ്രസിദ്ധീകരിക്കരുത്. അക്കൌണ്ടുകളുടെ സുരക്ഷയും രഹസ്യ സ്വഭാവവും ഉറപ്പാക്കണം.

13.ഉയർന്ന ക്വാളിറ്റിയുള്ള വീഡിയോസും ഫോട്ടോസുമാണ് തയ്യാറാക്കേണ്ടത്

14.പ്രതിമാസ പ്രവർത്തന റിപ്പോർട്ട്, പ്രസിദ്ധീകരിച്ച ഉള്ളടക്കങ്ങളുടെ വിവരങ്ങൾ,റീച്ച്, ഇംപ്രഷൻസ്, വീഡിയോ വ്യൂസ്, എൻഗേജ്മെന്റ് തുടങ്ങിയ ഡിജിറ്റൽ പ്രകടന സൂചികകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കണം.

<u>ടെൻഡറിൽ സമർപ്പിക്കേണ്ട വിവരങ്ങൾ</u>

ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്ന വിവരങ്ങളും രേഖകളും ഉൾപ്പെടുത്തണം.

1. സ്ഥാപനത്തിന്റെ പേര്, വിലാസം, രജിസ്ട്രേഷൻ വിവരങ്ങൾ, ബന്ധപ്പെടേണ്ട വ്യക്തിയുടെ വിവരങ്ങൾ.

2. സമാന സ്വഭാവത്തിലുള്ള സാമൂഹ്യമാധ്യമ മാനേജ്മെന്റ്, ഡിജിറ്റൽ ഡിസൈൻ, വീഡിയോ നിർമ്മാണം, സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾ എന്നിവയിലെ മുൻപരിചയം.

3. മുൻപ് നിർവഹിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പേര്, പ്രവൃത്തി കാലയളവ്, പ്രവൃത്തി മൂല്യം, ലഭ്യമെങ്കിൽ പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ.

4. സ്ഥാപനത്തിന്റെ സാങ്കേതിക ശേഷി, ജീവനക്കാരുടെ വിവരങ്ങൾ, ഗ്രാഫിക് ഡിസൈനർ, വീഡിയോ എഡിറ്റർ, കണ്ടന്റ് റൈറ്റർ തുടങ്ങിയവരുടെ ലഭ്യത.

5. തയ്യാറാക്കിയ പോസ്റ്ററുകൾ, ബാനറുകൾ, വീഡിയോകൾ, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവയുടെ മാതൃകകൾ അല്ലെങ്കിൽ പോർട്ട്ഫോളിയോ.

6. ഓരോ മാസവും നിർവഹിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ പദ്ധതി.

7. പ്രതിമാസവും വാർഷികവുമായ ചെലവിന്റെ വിശദാംശങ്ങൾ, ബാധകമായ നികുതികൾ, അധിക ചെലവുകൾ എന്നിവ പ്രത്യേകം രേഖപ്പെടുത്തിയ സാമ്പത്തിക പ്രൊപ്പോസൽ.

8. പ്രവൃത്തി നിർവഹിക്കുന്നതിന് ആവശ്യമായ മറ്റ് രജിസ്ട്രേഷൻ/നികുതി രേഖകൾ, ബാധകമായിടത്ത് GST വിവരങ്ങൾ.

<u>സാമ്പത്തിക പ്രൊപ്പോസലിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടത്</u>

1.പ്രതിമാസ സോഷ്യൽ മീഡിയ അക്കൗണ്ട് മാനേജ്മെന്റ് ചാർജ്.

2. പ്രതിമാസം തയ്യാറാക്കുന്ന സ്റ്റാറ്റിക് പോസ്റ്ററുകൾ/ബാനറുകൾ/ഇൻഫോഗ്രാഫിക്സ് എന്നിവയുടെ എണ്ണം, നിരക്ക്.

3.വീഡിയോ, റീൽസ് എന്നിവയുടെ എണ്ണം, ഓരോന്നിന്റെയും നിരക്ക്.

4.ഫോട്ടോഗ്രാഫി, വീഡിയോ ഷൂട്ടിംഗ്, ഫീൽഡ് ഡോക്യുമെൻറേഷൻ എന്നിവയുടെ നിരക്ക്.

5.അധിക പ്രചാരണ പ്രവർത്തനങ്ങൾക്കും പെയ്ഡ് സോഷ്യൽ മീഡിയ പരസ്യങ്ങൾക്കും ബാധകമായ ചെലവുകൾ.

6. എല്ലാ നികുതികളും ഉൾപ്പെടെയുള്ള വാർഷിക ആകെ തുകയും.

<u>പ്രവൃത്തി കാലയളവ്</u>

2026 ഡിസംബർ മുതൽ 2027 മാർച്ച് വരെ

<u>ടെൻഡർ സമർപ്പണവും തിരഞ്ഞെടുപ്പും</u>

ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി:07.12.2026 വൈകുന്നേരം 3 മണി വരെ

ടെൻഡർ തുറക്കുന്ന തീയതിയും സമയവും: 07.12.2026 വൈകുന്നേരം 4 മണി

ടെൻഡർ സമർപ്പിക്കേണ്ട വിലാസം: സെക്രട്ടറി, കാസറഗോഡ് ജില്ലാപഞ്ചായത്ത്, കാസറഗോഡ്

സ്ഥാപനങ്ങളുടെ പ്രവൃത്തിപരിചയം, സാങ്കേതിക ശേഷി, പ്രവൃത്തി നിർവഹണ പദ്ധതി, സാമ്പത്തിക പ്രൊപ്പോസൽ എന്നിവ വിലയിരുത്തി നിലവിലുള്ള ചട്ടങ്ങൾക്കും ടെൻഡർ വ്യവസ്ഥകൾക്കും അനുസൃതമായി ഏജൻസിയെ തിരഞ്ഞെടുക്കുന്നതാണ്.

ടെൻഡർ സ്വീകരിക്കാനോ നിരസിക്കാനോ, വ്യവസ്ഥകൾ പാലിക്കാത്ത ടെൻഡറുകൾ നിരസിക്കാനോ ഉള്ള അധികാരം ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

സ്വന്തമായി സ്റ്റുഡിയോ – എഡിറ്റ് സംവിധാനങ്ങളോടു കൂടിയ സ്ഥാപനങ്ങൾക്ക് മാത്രം അപേക്ഷ നൽകാവുന്നതാണ്.

Signature Not Verified
Digitally signed by Biju S
Date: 2026.11.26 16:55:05 IST
Reason: KSMART